സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 59 ലക്കം: 234 2025 ജനുവരി 08 ബുധൻ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ശബരിമല തീർഥാടകർ സഞ്ചരിച്ച കാർ മരത്തിലിടിച്ച് 5പേർക്ക് പരിക്ക്

കോഴിക്കോട്: തിരുവമ്പാടിയിൽ കാർ മരത്തിലിടിച്ച് അഞ്ചുപേർക്ക് പരിക്ക്. കർണാടകയിൽ നിന്നുള്ള ശബരിമല തീർഥാടകർ സഞ്ചരിച്ച കാറാണ് ഇന്ന് പുലർച്ചെ രണ്ടരയോടെ അപകടത്തിൽ പെട്ടത്. പരിക്കേറ്റവരിൽ രണ്ടുപേരുടെ നില ഗുരുതരമാണ്. തിരുവമ്പാടി-കോടഞ്ചേരി റൂട്ടിൽ തമ്പലമണ്ണയിൽ പെട്രോൾ പമ്പിന്റെ സമീപത്തു വെച്ചാണ് അപകടമുണ്ടായത്. നിയന്ത്രണം വിട്ട കാർ മരത്തിലിടിച്ച് നിൽക്കുകയായിരുന്നു. പരിക്കേറ്റവരെ ഉടൻ തന്നെ മുക്കത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഡ്രൈവർ ഉറങ്ങിപ്പോയതാണ് അപകട കാരണമെന്നാണ് പ്രാഥമിക നിഗമനം.

കുഞ്ഞിരാമനടക്കം 4 പ്രതികളുടെ ശിക്ഷ ഹൈക്കോടതി മരവിപ്പിച്ചു

കൊച്ചി: പെരിയ ഇരട്ടക്കൊല കേസിൽ നാല് പ്രതികളുടെ ശിക്ഷ ഹൈക്കോടതി സ്റ്റേ ചെയ്തു. മുൻ എംഎൽഎ കെ വി കുഞ്ഞിരാമൻ അടക്കം നാലുപേരുടെ ശിക്ഷയാണ് കോടതി മരവിപ്പിച്ചത്. ഇവർക്കെതിരെ സിബിഐ അഭിഭാഷകന്റെ ശക്തമായ വാദം തള്ളിയാണ് ഹൈക്കോടതി ശിക്ഷാവിധി മരവിപ്പിച്ചത്. ഇതോടെ ഇവരുടെ ജയിൽമോചനത്തിന് സാദ്ധ്യത ഉണ്ടായിരിക്കുകയാണ്.

അഞ്ച് വർഷം തടവുശിക്ഷ സിബിഐ കോടതി വിധിച്ച മുൻ എംഎൽഎ കെ.വി കുഞ്ഞിരാമൻ, മണികണ്ഠൻ, രാഘവൻ വെളുത്തോളി, കെ.വി ഭാസ്കരൻ വെളുത്തോളി എന്നിവർക്കാണ് ഹൈക്കോടതി വിധിയോടെ ജയിൽ മോചനം സാദ്ധ്യമാകുന്നത്. സിബിഐ കോടതി ശിക്ഷ വിധിച്ചതിന് പിറ്റേന്നുതന്നെ മുൻ എംഎൽഎയടക്കം ഈ അഞ്ച് പ്രതികളെ എറണാകുളം ജില്ലാ ജയിലിൽ നിന്ന് കണ്ണൂർ ജയിലിലേക്ക് മാറ്റിയിരുന്നു. ഇവർക്ക് അഭിവാദ്യമർപ്പിക്കാനും കാണാനും പി.ജയരാജനടക്കം നിരവധി പാർട്ടി നേതാക്കളും പ്രവർത്തകരും സെൻട്രൽ ജയിലിൽ എത്തിയിരുന്നത് വാർത്തയുമായിരുന്നു.

പെരിയ ഇരട്ടക്കൊല കേസിലെ രണ്ടാം പ്രതിയായ സജി കൊലയ്ക്ക് ശേഷം പിടി നൽകാതെ ഒളിവിൽ കഴിയുന്ന സമയം പെരിയയിൽ ഒരു പ്രാദേശിക പത്രപ്രവർത്തകൻ ഇയാളെ കണ്ടിരുന്നു. തുടർന്ന് ചിത്രമെടുത്ത് ബേക്കൽ പൊലീസിൽ അറിയിച്ചു. ഇയാളെ പിടികൂടാൻ ബേക്കൽ എഎസ്ഐയടക്കം എത്തിയ സമയം മുൻ എംഎൽഎ കെ.വി കുഞ്ഞിരാമനടക്കം ഈ നാല് പ്രതികൾ പൊലീസിനെ തടയുകയും കേസിലെ പ്രതിയെ മാറ്റുകയും ചെയ്തിരുന്നു. ഈ സംഭവത്തിലാണ് സിബിഐ ഇവർക്ക് തടവ്ശിക്ഷ വിധിച്ചത്.

കൊലക്കേസ് വിധി വന്നതിന് പിന്നാലെ കേസിനെ മേൽക്കോടതിയിൽ നിയമപരമായി നേരിടും എന്ന് സിപിഎം വ്യക്തമാക്കിയിരുന്നു. ഇതിനെത്തുടർന്നാണ് ഇവർ നാലുപേർക്കായി ഹൈക്കോടതിയിൽ ഹർജി നൽകിയത്. സിബിഐ രാഷ്ട്രീയം കളിക്കുകയാണെന്ന് ആരോപിക്കുകയും ചെയ്തു. ഈ വാദങ്ങൾ കോടതിയിൽ ശരിവയ്ക്കുകയാണ് ഉണ്ടായത് എന്നാണ് ശിക്ഷാവിധി മരവിപ്പിച്ചതിലൂടെ വ്യക്തമാകുന്നത്.

ഉമ പരസഹായത്തോടെ എഴുന്നേറ്റ് കസേരയിലിരുന്നു

കൊച്ചി: കലൂർ സ്റ്റേഡിയത്തിലെ മെഗാ നൃത്ത പരിപാടിയുടെ ഉദ്ഘാടന വേദിയിൽനിന്ന് വീണ് ഗുരുതര പരിക്കേറ്റ ഉമ തോമസ് എം.എൽ.എ ആശുപത്രി കിടക്കയിൽനിന്ന് പരസഹായത്തോടെ എഴുന്നേറ്റ് കസേരയിൽ ഇരുന്നതായി അവരുടെ ഫേസ്ബുക് അഡ്മിൻ ടീം അറിയിച്ചു. അപകടം നടന്നിട്ട് ഇന്ന് പത്ത് ദിവസമാവുകയാണ്. മെല്ലെ മെല്ലെ ജീവിതത്തിലേക്ക് പിച്ചവെക്കുകയാണെന്നും ശരീരമാസകലം കലശലായ വേദനയുണ്ടെന്നും അവർ അറിയിച്ചു. ഒരാഴ്ച കൂടി ഐ.സി. യു.വിൽ തുടരുമെന്നാണ് ഡോക്ടർമാരുടെ വിലയിരുത്തൽ.

'ഇന്നലെ ബെഡിൽ നിന്ന് എഴുന്നേറ്റ് പരസഹായത്തോടെ കസേരയിൽ ഇരുന്നത് ഏറെ ആശ്വാസകരമാണ്.. രാവിലെ മകൻ വിഷ്ണു അമ്മയെ കാണുന്നതിന് അകത്തു പ്രവേശിച്ചപ്പോഴാണ്, ഒപ്പമുള്ള സ്റ്റാഫ് അംഗങ്ങളെയും, സോഷ്യൽ മീഡിയ ടീമിനെയും ഫോണിൽ വിളിയ്ക്കാൻ ആവശ്യപ്പെട്ടത്. ഏകദേശം അഞ്ചുമിനിറ്റോളം നടത്തിയ കോൺഫറൻസ് കോളിൽ കഴിഞ്ഞ പത്തു ദിവസമായി ക്വാറന്റീനിൽ കഴിയുന്നതിന്റെ നിരാശയാണ് ആദ്യം പ്രകടിപ്പിച്ചത്.

മുഖ്യമന്ത്രി ഹണിയെ വിളിച്ചു, പിന്നാലെ ബോബി കസ്റ്റഡിയിൽ, പൊലീസ് നീക്കങ്ങൾ അതീവ രഹസ്യം

കൊച്ചി: ബോബി ചെമ്മണ്ണൂരിനെതിരെ ലൈംഗികാധിക്ഷേപ പരാതി നൽകിയ ഹണി റോസിനെ മുഖ്യമന്ത്രി പിണറായി വിജയൻ ഫോൺവിളിച്ച് എല്ലാ നിയമ നടപടികൾക്കും പിന്തുണ അറിയിച്ചതിന് തൊട്ടുപിന്നാലെയായിരുന്നു ബോബിയെ പൊലീസ് കസ്റ്റഡിയിലെടുത്തത്. കേസിൽ ബോബി ചെമ്മണ്ണൂരിന് ഇളവുകൾ ഒന്നും നൽകേണ്ടെന്നും ശക്തമായ നടപടികൾ സ്വീകരിക്കാനും പൊലീസ് നേരത്തേ തന്നെ തീരുമാനിച്ചിരുന്നു. ഹണിറോസിന്റെ പരാതിയിൽ ജാമ്യമില്ലാ വകുപ്പുപ്രകാരമാണ് ബോബിക്കെതിരെ പൊലീസ് കേസെടുത്തിരുന്നത്.

വിശദമായ ചോദ്യംചെയ്യലിനുശേഷം ബോബിയുടെ അറസ്റ്റ് ഇന്നുതന്നെ രേഖപ്പെടുത്തുമെന്നാണ് പൊലീസ് നൽകുന്ന സൂചന. ബോബിക്കെതിരെയുള്ള പരമാവധി തെളിവുകൾ പൊലീസ് ശേഖരിച്ചിട്ടുണ്ട്.

ഇന്നലെത്തന്നെ ബോബി വയനാട്ടിലേക്ക് കടന്നതായി പൊലീസിന് വ്യക്തമായ വിവരം ലഭിച്ചിരുന്നു. ഇതോടെ പ്രത്യേക അന്വേഷണസംഘം അങ്ങോട്ടേക്ക് പുറപ്പെട്ടു. ഒപ്പം ബോബി രക്ഷപ്പെടാതിരിക്കാനായി വയനാട് പൊലീസിനെയും വിവരം അറിയിച്ചു. നീക്കങ്ങളെല്ലാം അതീവ രഹസ്യമായിരുന്നു. ഇന്നുരാവിലെ മേപ്പാടിയിലെ എസ്റ്റേറ്റിനോടനുബന്ധിച്ച റിസോർട്ടിൽ നിന്ന് കസ്റ്റഡിയിൽ എടുക്കുംവരെ പുറത്താരും ഒന്നും അറിഞ്ഞില്ല. ഒളിവിൽ പോകാനും മുൻകൂർ ജാമ്യം നേടാനും ബോബി ശ്രമിക്കുന്നു എന്നും മനസിലാക്കിയ പൊലീസ് അതിനൊന്നിനും ഇടനൽകാത്തതായിരുന്നു വിവാദ വ്യവസായിയെ പൂട്ടിയത്.

സ്ത്രീത്വത്തെ അപമാനിക്കും വിധം സമൂഹ മാദ്ധ്യമങ്ങളിലൂടെയും മറ്റും അധിക്ഷേപിച്ചെന്ന് ആരോപിച്ചാണ് ബോബി ചെമ്മണ്ണൂരിനെതിരെ ഹണി റോസ് പരാതി നൽകിയത്. എറണാകുളം സെൻട്രൽ എ.സി.പി ജയകുമാറിന്റെ നേതൃത്വത്തിലുള്ള പ്രത്യേക സംഘമാണ് നടിയുടെ പരാതി അന്വേഷിക്കുന്നത്. പരാതി നൽകിയ കാര്യം ഹണി റോസ് തന്നെയാണ് ഫേസ്ബുക്കിലൂടെ അറിയിച്ചതും.

സൈനിക വേഷമിട്ട് സ്ത്രീകളെ വശീകരിച്ച് ലക്ഷങ്ങൾ തട്ടി;

ലഖ്നൗ (യു.പി): സ്ത്രീകളെ വശീകരിക്കാൻ ആർമി ക്യാപ്റ്റനായി വേഷമിട്ട് ലക്ഷങ്ങൾ തട്ടിയെടുത്ത 40-കാരൻ ലഖ്നൗവിൽ അറസ്റ്റിലായി.

ഒഡീഷയിലെ ബാലസോർ ജില്ലയിൽ നിന്നുള്ള ഹൈദർ അലി ആണ് പിടിയിലായത്. ആർമി മെഡിക്കൽ കോർപ്സിലെ ഓഫീസറായ ഹാർതിക് ബെഗ്ലോ എന്ന് സ്വയം പരിചയപ്പെടുത്തിയാണ് ഇയാൾ സ്ത്രീകളെ ബന്ധത്തിലേക്ക് ആകർഷിക്കുന്നതെന്ന് പോലീസ് പറഞ്ഞു.

പിന്നീട് പല കാരണങ്ങൾ പറഞ്ഞ് അവരോട് പണം ചോദിക്കും. പണം കിട്ടിയാൽ എല്ലാ ആശയവിനിമയങ്ങളും അവസാനിപ്പിച്ച് മറ്റൊരു സംസ്ഥാനത്തേക്ക് മാറി അടുത്ത ഇരയെ തേടുകയും ചെയ്യുന്നതാണ് ഇയാളുടെ രീതി. കേരളമടക്കമുള്ള വിവിധ സംസ്ഥാനങ്ങളിൽ സെക്യൂരിറ്റി സ്ഥാപനങ്ങളിൽ ഇയാൾ ജോലി ചെയ്തിരുന്നതായും പോലീസ് കണ്ടെത്തിയിട്ടുണ്ട്.

ഇത്തരത്തിലുള്ള തട്ടിപ്പുകൾ നടത്തി സമ്പാദിച്ച പണം ഉപയോഗിച്ച് ആഡംബര ജീവിതമാണ് ഹൈദർ അലി നയിച്ചിരുന്നത്. ലഖ്നൗവിൽ വെച്ച് കണ്ടുമുട്ടിയ ഒരു സ്ത്രീയെ സമാനമായ രീതിയിൽ വശീകരിക്കാൻ ശ്രമം നടത്തിയിരുന്നു. നേരിട്ടുള്ള കണ്ടുമുട്ടലിനിടെ സംശയം തോന്നിയ ഈ സ്ത്രീ പോലീസിനെ സമീപിച്ചതോടെയാണ് ഹൈദർ അലി വലയിലായത്. പോലീസ് നടത്തിയ അന്വേഷണത്തിൽ ഹൈദരബാദ്, കേരളം, കർണാടക, പശ്ചിമ ബംഗാൾ, ഉത്തർ പ്രദേശ് എന്നിവിടങ്ങളിലെ നിരവധി നഗരങ്ങളിലെ സെക്യൂരിറ്റി സ്ഥാപനങ്ങളിൽ ഹൈദർ അലി ജോലി ചെയ്തിരുന്നതായി കണ്ടെത്തി. ഇവിടങ്ങളിലെല്ലാം ഇയാൾ സ്ത്രീകളെ ലക്ഷ്യമിട്ട് ഇത്തരത്തിൽ തട്ടിപ്പിന് ശ്രമിച്ചിരുന്നതായും യുപി പോലീസ് വ്യക്തമാക്കി.

'വലിയ ആശ്വാസം, ഇത് പണത്തിന്റെ ഹുങ്കിനെതിരായ പോരാട്ടം'; പരാതിക്കാരിയുടെ ആദ്യ പ്രതികരണം

കോഴിക്കോട്: ബോബി ചെമ്മണ്ണൂരിനെ കസ്റ്റഡിയിലെടുത്ത പോലീസ് നടപടിയിൽ പ്രതികരണവുമായി പരാതിക്കാരിയായ നടി. വലിയ ആശ്വാസമാണ് ഇപ്പോൾ തോന്നുന്നതെന്ന് നടി പറഞ്ഞു.

'എന്നെ സംബന്ധിച്ചിടത്തോളം വലിയ ആശ്വാസമാണ് തോന്നുന്നത്. എനിക്ക് സംരക്ഷണം നൽകുന്ന സർക്കാരും പോലീസ് ഡിപ്പാർട്ടുമെന്റുമുള്ള സംസ്ഥാനത്താണ് ജീവിക്കുന്നതെന്ന ഉറച്ച ബോധ്യം എനിക്കുണ്ട്. അതുകൊണ്ടുതന്നെയാണ് ഈ പോരാട്ടത്തിന് ഇറങ്ങിത്തിരിച്ചത്. ഞാൻ അനുഭവിച്ച സൈബർ ബുള്ളിയിങ് അത്ര വലുതാണ്. ആവർത്തിക്കരുതെന്ന് പലതവണ പറഞ്ഞിട്ടും തുടർന്നു. അത് പണത്തിന്റെ ഹുങ്കായും വെല്ലുവിളിയായും മാത്രമേ എനിക്ക് കാണാൻ കഴിയൂ. എല്ലാത്തിനും ഒരു അവസാനം വേണം. അതുകൊണ്ടാണ് പോരാട്ടത്തിന് ഇറങ്ങാമെന്ന് തീരുമാനിച്ചത്.' – പരാതിക്കാരി പറഞ്ഞു.

'ഭയങ്കരമായ സന്തോഷമുണ്ട്. സന്തോഷത്തിനപ്പുറം എന്റെ തലയിൽ നിന്ന് വലിയ ഭാരം ഒഴിഞ്ഞതുപോലെയാണ് തോന്നുന്നത്. പരാതി നൽകിയത് മുതൽ മുഖ്യമന്ത്രിയോട് സംസാരിക്കണമെന്ന ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. അതിന് അവസരം കിട്ടി. അപ്പോൾ ഞാൻ എനിക്കും കുടുംബത്തിനുമുണ്ടായ വിഷമങ്ങൾ പറഞ്ഞു. നടപടി സ്വീകരിക്കാമെന്ന് അദ്ദേഹം പറഞ്ഞിരുന്നു. കൂടാതെ ഡി.ജി.പി. ഉൾപ്പെടെയുള്ള പോലീസ് ഉദ്യോഗസ്ഥരോടും സംസാരിച്ചിരുന്നു. വേണ്ടരീതിയിൽ കൈകാര്യം ചെയ്യാമെന്ന ഉറപ്പ് അവരെല്ലാം തന്നിരുന്നു. ഇത്രവേഗം നടപടിയെടുത്തത് കാര്യക്ഷമമായ സംവിധാനം ഇവിടെയുള്ളതുകൊണ്ടാണ്.'

'ഇപ്പോൾ സാമൂഹിക മാധ്യമങ്ങളിലെ കമന്റ് സെക്ഷനിൽ വലിയ മാറ്റമാണ് ഉണ്ടായത്. ഇത് ഇങ്ങനെ തന്നെ മുന്നോട്ടും ഉണ്ടാകണം. അങ്ങനെയാകുമോ എന്ന് അറിയില്ല. പക്ഷേ അതിനുള്ള പോരാട്ടത്തിനാണ് ഇറങ്ങിയിരിക്കുന്നത്.' –പരാതിക്കാരി കൂട്ടിച്ചേർത്തു.

സ്കൂൾ കലോത്സവം ; സ്വർണക്കപ്പിനായി മത്സരം മുറുകി, തൃശൂർ മുന്നിൽ

തിരു: 63-ാമത് സംസ്ഥാന സ്കൂൾ കലോത്സവം ഇന്ന് സമാപിക്കും. വൈകീട്ട് അഞ്ചിനാണ് സമാപന സമ്മേളനം.

സ്വർണ്ണക്കപ്പിനായുള്ള പോയിൻറ് പട്ടികയിൽ 965 പോയിന്റോടെ തൃശ്ശൂർ ജില്ലയാണ് മുന്നിൽ. 961 പോയിന്റ് വീതം നേടി പാലക്കാടും കണ്ണൂരും രണ്ടാമതുണ്ട്. 959 പോയിന്റോടെ കോഴിക്കോട് നാലാമതുണ്ട്. ആകെയുള്ള 249 മത്സരങ്ങളിൽ 239ഉം പൂർത്തിയായി. ഇന്ന് പത്ത് ഇനങ്ങളിലാണ് മത്സരം നടക്കുന്നത്.

കൂടുതൽ പോയിൻറ് നേടിയ സ്കൂളുകളുടെ പട്ടികയിൽ 166 പോയിന്റോടെ പാലക്കാട് ആലത്തൂർ ബി.എസ്.എസ് ഗുരുകുലം ഹയർ സെക്കൻഡറി സ്കൂളാണ് മുന്നിൽ. 116 പോയിൻറോടെ തിരുവനന്തപുരം വഴുതക്കാട് കാർമൽ ഹയർ സെക്കൻഡറി സ്കൂൾ രണ്ടാമതും, 101 പോയിന്റോടെ വയനാട് മാനന്തവാടി എം.ജി.എം എച്ച്.എസ്.എസ് മൂന്നാമതുമുണ്ട്.

ഇന്ന് കൊടിയിറക്കം; സമാപനത്തിന് ടോവിനോയും ആസിഫലിയും

തിരു : സംസ്ഥാന സ്കൂൾ കലോത്സവത്തിന് ഇന്ന് തിരശ്ശീല വീഴും. സമാപന സമ്മേളനം വൈകിട്ട് 5മണിക്ക് പ്രധാന വേദിയായ സെൻട്രൽ സ്റ്റേഡിയത്തിൽ ആരംഭിക്കും. പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു. ചലച്ചിത്രതാരങ്ങളായ ടോവിനോ തോമസ്, ആസിഫലി എന്നിവർ മുഖ്യാതിഥികളായെത്തും.

മന്ത്രി ജി. ആർ. അനിൽ അധ്യക്ഷനാകും. കലോത്സവ സ്വർണക്കപ്പ് വിതരണവും 62-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെയും 2023 സംസ്ഥാന സ്കൂൾ കായികമേളയുടെയും മാധ്യമ പുരസ്കാര വിതരണവും പൊതുവിദ്യാഭ്യാസ വകുപ്പു മന്ത്രി വി. ശിവൻകുട്ടി നിർവഹിക്കും. സ്പീക്കർ എ.എൻ. ഷംസീർ മുഖ്യപ്രഭാഷണം നടത്തും. മന്ത്രിമാരായ കെ.എൻ.ബാലഗോപാൽ, കെ. കൃഷ്ണൻകുട്ടി, രാമചന്ദ്രൻ കടന്നപ്പള്ളി, കെ.ബി.ഗണേഷ് കുമാർ, വി.എൻ.വാസവൻ, പി.എ. മുഹമ്മദ് റിയാസ്, എം.ബി.രാജേഷ്, പി പ്രസാദ്, സജി ചെറിയാൻ, ഡോ. ആർ ബിന്ദു, ജെ. ചിഞ്ചുറാണി, ഒ.ആർ.കേളു, വി. അബ്ദുറഹ്മാൻ എന്നിവർ സമ്മാനദാനം നിർവഹിക്കും. എം.എൽ.എമാരും കലോത്സവത്തിന്റെ വിവിധ കമ്മിറ്റികളുടെ ചെയർമാൻമാരുമായ ആന്റണി രാജു, കെ ആൻസലൻ, ജി.സ്റ്റീഫൻ, ഒ.എസ്. അംബിക, വി.ശശി, ഡി.കെ.മുരളി, സി.കെ.ഹരീന്ദ്രൻ, ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജ്, ഡയറക്ടർ എസ് ഷാനവാസ്, അഡീഷണൽ ഡയറക്ടർ ആർ. എസ്.ഷിബു, സ്വീകരണ കമ്മിറ്റി കൺവീനർ സാലു ജെ.ആർ. തുടങ്ങിയവർ പങ്കെടുക്കും.

സ്വർണ കപ്പ് രൂപകല്പന ചെയ്ത ചിറയിൻകീഴ് ശ്രീകണ്ഠൻ നായരെ സമാപനസമ്മേളനത്തിൽ പൊന്നാട അണിയിച്ച് ആദരിക്കും. പാചക രംഗത്ത് 25 വർഷം പൂർത്തിയാക്കുന്ന പഴയിടം മോഹനൻ നമ്പൂതിരി, കലോത്സവത്തിന്റെ സുഗമമായ നടത്തിപ്പിൽ പ്രധാന പങ്ക് വഹിച്ച ഹരിത കർമ്മസേന, പന്തൽ, ലൈറ്റ് ആൻഡ് സൗണ്ട്സ് തുടങ്ങിയവരെയും ആദരിക്കും. പല ഇനങ്ങളിലായി എഴുപത്തി എട്ടോളം പുരസ്കാരങ്ങളാണ് നൽകുന്നത്. വേദിയിലെത്തി സമ്മാനം സ്വീകരിക്കുന്നതിനായി പരമാവധി 10പേരെ മാത്രമേ അനുവദിക്കൂ. എട്ട് വിദ്യാർഥികളും രണ്ട് അധ്യാപകരും അടങ്ങുന്ന സംഘത്തിനാണ് അനുമതി. ഇവർക്ക് പ്രത്യേകം തിരിച്ചറിയൽ കാർഡ് നൽകും. വേദിയിലെ അനാവശ്യ തിരക്ക് ഒഴിവാക്കുന്നതിനാണ് ക്രമീകരണം.

സമാപന സമ്മേളനത്തോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ ഗതാഗത ക്രമീകരണം ഉണ്ടാകും. സെൻട്രൽ സ്റ്റേഡിയത്തിനുള്ളിലേക്ക് പൊതുജനങ്ങളുടെ വാഹനങ്ങൾക്ക് പ്രവേശിക്കാൻ അനുമതി ഉണ്ടായിരിക്കില്ല.

ഉച്ചക്ക് 2മണിയോടെ മത്സരങ്ങൾ എല്ലാം പൂർത്തിയാക്കുന്ന രീതിയിലാണ് ക്രമീകരണം. ഉച്ച തിരിഞ്ഞ് മൂന്നരയ്ക്ക് അപ്പീലുകൾ ഉൾപ്പെടെയുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കും. 4മണിയോടെ സ്വർണ കപ്പ് വേദിയിലേക്ക് കൊണ്ട് വരുമെന്ന് മന്ത്രി വി ശിവൻകുട്ടി അറിയിച്ചു. സ്കൂൾ കലാമേള മികച്ച രീതിയിൽ സംഘടിപ്പിക്കുന്നതിനും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്ത വിധം ഗതാഗതക്രമീകരണങ്ങൾ നടത്തുന്നതിനും സഹായിച്ച പോലീസിനും സന്നദ്ധപ്രവർത്തകർക്കും സ്വാഗതസംഘം ചെയർമാൻ കൂടിയായ മന്ത്രി ജി. ആർ. അനിൽ നന്ദി അറിയിച്ചു. എംഎൽഎമാരായ ആന്റണി രാജു, ഐ.ബി. സതീഷ്, പൊതുവിദ്യാഭ്യാസ ഡയറക്ടർ എസ് ഷാനവാസ് തുടങ്ങിയവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

കാർ ബസിലേക്ക് ഇടിച്ചുകയറി; രണ്ട് മരണം

കണ്ണൂർ: മട്ടന്നൂരിൽ സ്വകാര്യ ബസിലേക്ക് കാർ ഇടിച്ചുകയറി ഉണ്ടായ അപകടത്തിൽ രണ്ട് പേർക്ക് ദാരുണാന്ത്യം. ഉളിക്കൽ സ്വദേശികളായ ബീന, ലിജോ എന്നിവരാണ് മരിച്ചത്. അപകടത്തിൽപ്പെട്ട മറ്റ് 4 പേരുടെ നില ഗുരുതരമാണ്. മട്ടന്നൂർ സംസ്ഥാനപാതയിൽ ഇന്ന് രാവിലെ 8മണിയോടുകൂടിയായിരുന്നു അപകടം. കർണാടക രജിസ്ട്രേഷൻ കാറാണ് അപകടത്തിൽപ്പെട്ടത്. കാർ പൂർണമായും തകർന്ന നിലയിലാണ്.

തലശേരി ഭാഗത്തേക്ക് പോകുകയായിരുന്നു സ്വകാര്യ ബസ്. കാർ ഇരിട്ടി ഭാഗത്തേക്കാണ് പോയിരുന്നത്. ബസ് സ്റ്റോപ്പിൽ നിർത്തിയ സമയത്ത് നിയന്ത്രണം വിട്ടുവന്ന കാർ ബസിലേക്ക് വന്നിടിക്കുകയായിരുന്നുവെന്നാണ് നാട്ടുകാർ പറയുന്നത്. കാറിൽ 6പേരാണ് ഉണ്ടായിരുന്നത് എന്നാണ് വിവരം. അഗ്നിരക്ഷാസേന എത്തി വളരെ പണിപ്പെട്ടാണ് കാറിനുള്ളിൽ ഉണ്ടായിരുന്നവരെ പുറത്തെടുത്തത്. മട്ടന്നൂർ പൊലീസും അപകട സ്ഥലത്തെത്തിയിട്ടുണ്ട്.

മുള്ളൂർക്കരയിലും അപകടം

തൃശൂർ : തൃശൂരിൽ കെഎസ്ആർടിസി ബസും പെട്ടി ഓട്ടോറിക്ഷയും ഇടിച്ചുണ്ടായ അപകടത്തിൽ നാലുവയസുകാരി മരിച്ചു. മുള്ളൂർക്കര സ്വദേശിയായ നൂറ ഫാത്തിമയാണ് മരിച്ചത്. വടക്കാഞ്ചേരിക്കടുത്ത് ഓട്ടുപാറയിൽ പുലർച്ചെ ഒന്നരയോടെയായിരുന്നു അപകടം. കുട്ടിയുടെ മാതാപിതാക്കളായ ഉനൈസ് (32), ഭാര്യ റൈഹാനത്ത് (28) എന്നിവർക്കും പരിക്കേറ്റു. റൈഹാനത്ത് ഗർഭിണിയാണ്. ഇവരെ തൃശൂർ മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. വയറുവേദന മൂലം നൂറ ഫാത്തിമയെ ജില്ലാ ആശുപത്രിയിൽ കൊണ്ടു പോകുന്നതിനിടെയാണ് അപകടം ഉണ്ടായത്. സ്വിഫ്റ്റ് ബസ്, പെട്ടി ഓട്ടോയിലിടിക്കുകയായിരുന്നു. കുട്ടിയുടെ മൃതദേഹം ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുകയാണ്. പോസ്റ്റുമോർട്ടത്തിന് ശേഷം കുടുംബത്തിന് വിട്ടുനൽകും.

ഇന്ന് രാവിലെ കൊച്ചിയിലും സ്വകാര്യ ബസ് അപകടത്തിൽപ്പെട്ടു. പറവൂരിൽ നിന്നും വൈറ്റില ഹബ്ബിലേക്ക് പോവുകയായിരുന്നു സ്വകാര്യ ബസാണ് അപകടത്തിൽപ്പെട്ടത്. വള്ളുവള്ളി അത്താണിയിലാണ് സംഭവം. ബസ് ഡ്രൈവർ ഉൾപ്പടെ 30 പേർക്ക് പരിക്കേറ്റു. ആരുടെയും പരിക്കുകൾ ഗുരുതരമല്ല. ബസിന്റെ മുൻവശം വെട്ടിപ്പൊളിച്ചാണ് ഡ്രൈവറെ പുറത്തെടുത്തത്. പരിക്കേറ്റവരെ സമീപത്തെ രണ്ട് സ്വകാര്യ ആശുപത്രികളിലായി പ്രവേശിപ്പിച്ചിട്ടുണ്ട്.

അസം ഖനി അപകടം: ഒരു മൃതദേഹം കണ്ടെത്തി, 8 പർ കുടുങ്ങിക്കിടക്കുന്നു

ഗുവാഹാട്ടി: അസമിലെ ദിമാ ഹസാവു ജില്ലയിലെ കൽക്കരി ഖനിയിൽ അകപ്പെട്ട 9കൗമാരക്കാരിൽ ഒരാളുടെ മൃതദേഹം കണ്ടെത്തി. മറ്റുള്ളവർ ഖനിക്കകത്ത് കുടുങ്ങിക്കിടക്കുകയാണ്. മുഖ്യമന്ത്രി ഹിമന്ത ബിശ്വ ഇക്കാര്യം സ്ഥിരീകരിച്ചിട്ടുണ്ട്. ദുഃഖാർത്തരായ കുടുംബങ്ങൾക്കൊപ്പമാണ് തങ്ങളുടെ പ്രാർത്ഥനയെന്ന് അദ്ദേഹം എക്സിൽ കുറിച്ചു.

തിങ്കളാഴ്ചയാണ് അസം-മേഘാലയ അതിർത്തിയിലെ ഉംറാങ്സോയിൽ പ്രവർത്തിക്കുന്ന അനധികൃത ഖനിയിൽ ഒൻപത് തൊഴിലാളികൾ അകപ്പെട്ടത്. 300 അടി താഴ്ചയാണ് ഖനിക്കുള്ളത്. ഇന്ത്യൻ സൈന്യവും ഡൈവിങ് സംഘവും ചേർന്നാണ് ഖനിയിൽക്കുടുങ്ങിയ കൗമാരക്കാരിലൊരാളുടെ മൃതദേഹം കണ്ടെത്തിയത്. നേപ്പാൾ സ്വദേശിയായ ഗംഗാ ബഹാദൂർ ശ്രേഷ്ഠോയാണിതെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്.

നിലവിൽ പ്രദേശത്ത് ശക്തമായ മഴ പെയ്യുന്നുവെന്നാണ് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. വെള്ളം ശക്തിയായി ഖനിക്കുള്ളിലേക്ക് എത്തുന്നുവെന്നും വിവരമുണ്ട്. ഖനിയിലകപ്പെട്ട മറ്റ് എട്ടുപേർക്കുംവേണ്ടി നാവികസേനയും ദേശീയ ദുരന്ത നിവാരണ സേനയും ചേർന്ന് രക്ഷാപ്രവർത്തനം നടത്തിവരികയാണ്. ഖനിക്കുള്ളിലെ ഈ ഭാഗത്തെ വെള്ളം വറ്റിക്കുന്നതിനാവശ്യമായ പമ്പുകൾ സംസ്ഥാന ദുരന്ത നിവാരണ സേന എത്തിച്ചിട്ടുണ്ട്.

കോടതി പരസ്യം

ബഹു. തൃശൂർ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷ്ണർ മുമ്പാകെ

ECC: 92/2023

ഭാസി, S/o. കെ എ ഗോപാലകൃഷ്ണൻ, പാലപ്പെട്ടി, കിഴക്കെപുരയ്ക്കൽ ഹൗസ്, വലപ്പാട് പി ഒ., തൃശൂർ

– ഹരജിക്കാരൻ

M/s. Address Builders, Interior and Exterior Proprietory Concern. Rep. by its Proprietor and CEO Sri Saheer Babu, Chavakkad, Pin-680506

– 1-ാം എതൃകക്ഷി

മേൽനമ്പ്രിലെ 1-ാം എതൃകക്ഷിക്കുള്ള നോട്ടീ സ് പത്രപരസ്യം ചെയ്യുവാൻ കല്പിച്ച് **09-01-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. മേൽ നമ്പർ കേസ് കാര്യത്തിൽ നിങ്ങൾക്ക് എ ന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം കാലത്ത് 11 മണിക്ക് നിങ്ങളോ അധികാരപ്പെടുത്തിയ അഡ്വക്കേറ്റോ ബഹു. കോടതിയിൽ ഹാജരായി ബോധിപ്പിക

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

വിദ്യാർത്ഥികളിലെ ശേഷികൾ വിലയിരുത്തുന്നതാകണം പരീക്ഷകൾ

തൃശൂർ: കുട്ടികളിലെ വിഭിന്ന ശേഷികളെ സമഗ്രമായി വിലയിരുത്തുന്നതാകണം പരീക്ഷാരീതികൾ എന്നും ഇന്ന് കേവലം അറിവ് പരിശോധനയായി പരീക്ഷകൾ മാറി കൊണ്ടിരിക്കുകയാണെന്ന് 24 കേരള ബറ്റാലിയൻ അസോസിയേറ്റ്ഡ് എൻ.സി.സി ഓഫിസർ മേജർ പി.ജെ. സ്റ്റൈജു. വാടനാപിള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ രക്ഷാകർത്തൃ ശില്പശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മേജർ. കുട്ടികളുടെ കഴിവുകൾ വളർത്താൻ അധ്യാപകരും രക്ഷാകർത്താക്കളും ഒത്തൊരുമയോടെ പ്രവർത്തിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നും യോഗം വിലയിരുത്തി. പ്രധാന അധ്യാപകൻ വി.എം ഹനീഫ അധ്യക്ഷത വഹിച്ച യോഗത്തിൽ പി.ടി.എ പ്രസിഡണ്ട് ഷെറീഫ്, സ്കൂൾ വികസന സമിതി ചെയർമാൻ വി.ബി. അഹമ്മദ്, റീനടീച്ചർ വിനേഷ് ജോയ്സ് എന്നിവർ പ്രസംഗിച്ചു. രക്ഷാകർത്തക്കളുടെ സംശയങ്ങൾക്ക് മേജർ മറുപടി നല്കി. കേരളത്തിലെ മികച്ച എൻ.സി സി ഓഫിസറും, 78 തവണ രക്തം ദാനം ചെയ്ത് മാതൃകയായ മേജർ പി ജെ. സ്റ്റൈജുവിനെ യോഗം ഉപഹാരം നല്കി ആദരിച്ചു.

മാലിന്യ മുക്ത നവ കേരളം വലിച്ചെറിയൽ വിരുദ്ധ വാരാചരണം

പുതുക്കാട്: വലിച്ചെറിയൽ വിരുദ്ധ വാരാചരണത്തോട് അനുബന്ധിച്ചു മാലിന്യ സംസ്കരണ സംസ്കാരവും അവബോധവും പൊതു സമൂഹത്തിൽ ഉണർത്തുന്നതിനായി പുതുക്കാട് സെന്ററിൽ പ്രചരണ ജാഥ നടത്തി. പുതുക്കാട് ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷൈനി ജോജുവിന്റെ നേതൃത്വത്തിൽ നടന്ന പ്രചരണ ജാഥയിൽ പുതുക്കാട് ഗ്രാമ പഞ്ചായത്ത് വികസന കാര്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ സെബി കൊടിയൻ, മെമ്പർമാരായ ശ്രീമതി ആൻസി ജോബി, സുമ ഷാജു, ഫിലോമിന ഫ്രാൻസിസ് പുതുക്കാട് ഗ്രാമ പഞ്ചായത്ത്സെക്രട്ടറി പി ഉമ ഉണ്ണികൃഷ്ണൻ, അസിസ്റ്റന്റ് സെക്രട്ടറി അനൂപ് എം എ , ജൂനിയർ സൂപ്രണ്ട് അൻവർ കെ എം പുതുക്കാട് സെന്റ് ആന്റണിസ് എച് എസ് എസ് ഹെഡ് മാസ്റ്റർ യൂജിൻ പ്രിൻസ് എം, സെന്റ് ആന്റണിസ് എച്ച്എസ് എസ് വിദ്യാർത്ഥികൾ, ഗ്രാമപഞ്ചായത്ത് സ്റ്റാഫ് അംഗങ്ങൾ, ഹരിത കർമ സേന അംഗങ്ങൾ, മാലിന്യ മുക്ത നവകേരളവുമായി ബന്ധപ്പെട്ട് ബ്ലോക്ക്തലത്തിൽ പ്രവർത്തിക്കുന്ന വിവിധ ഉദ്യോഗസ്ഥരും പങ്കെടുത്തു.

കൈരളി അഗ്രികൾച്ചർ മൾട്ടി സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയുടെ തൃശൂർ ബ്രാഞ്ച് ഉദ്ഘാടനം

തൃശൂർ: രാജ്യാന്തര തലത്തിൽ ഇന്ന് ഏറ്റവുമധികം ചർച്ച ചെയ്യുന്ന പദ്ധതിയാണ് കാർബൺ ക്രെഡിറ്റ് പദ്ധതി. ആഗോള താപനത്തിനും കാലാവസ്ഥാ വ്യതിയാനത്തിനും കാരണമാകുന്ന ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളൽ കുറയ്ക്കുന്നതിന്റെ ഭാഗമായി കൃഷിയിടങ്ങൾ തുടങ്ങി വ്യവസായ ശാലകൾ വരെ കാർബൺ ന്യൂട്രലാക്കുന്നതിന്റെ കർശന നടപടികളാണ് ആഗോള തലത്തിൽ ലോകരാജ്യങ്ങൾ സ്വീകരിച്ചു വരുന്നത്. ആഗോള തലത്തിലെ ഈ പുത്തൻ പ്രവണതയുടെ ഗുണഫലം നമ്മുടെ നാട്ടിലെ കർഷകരിലേക്കും, സാധാരണക്കാരിലേക്കും, നിക്ഷേപകരിലേക്കും എത്തിക്കുന്നതിന് തികച്ചും വിപ്ലവകരമായ ചുവടുവെയ്പ്പ് നടത്തുന്ന തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന കൈരളി അഗ്രികൾച്ചർ മൾട്ടി സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയുടെ തൃശൂർ ബ്രാഞ്ച് ഓഫീസ് ഉദ്ഘാടനം ചെയർമാൻ കെ. വി. അശോകൻ നിർവഹിച്ചു.

ചടങ്ങിൽ ഡയറക്ടർമാരായ രഞ്ജിത്ത് കുമാർ, ജെസ്റ്റിൻ ജെയിംസ്, നിഷ രാജു, എനർജി കോൺസെർവഷൻ സൊസൈറ്റി പ്രസിഡന്റ് ഡോ. കെ. സോമൻ തുടങ്ങിയവർ ഭദ്രദീപം കൊളുത്തി ചടങ്ങിൽ സന്നിഹിതരായി.

അപ്പോളോ അഡ്‌ലക്സ് ഹോസ്പിറ്റലിൽ തൈറോയ്ഡ് രോഗ നിർണയ, ശസ്ത്രക്രിയാ ക്യാമ്പ്

കൊച്ചി: അങ്കമാലി അപ്പോളോ അഡ്‌ലക്സ് ഹോസ്പിറ്റൽ ഡിപ്പോർട്ട്മെന്റ് ഓഫ് തൈറോയ്ഡ്, ബ്രസ്റ്റ് & എൻഡോക്രെയിൻ സർജറി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ തൈറോയ്ഡ് രോഗ നിർണയ, ശസ്ത്രക്രിയാ ക്യാമ്പ് സംഘടിപ്പിക്കുന്നു.

ഡോക്ടറുടെ കൺസൾട്ടേഷൻ ചാർജിൽ 50% ഇളവ്, അൾട്രാസൗണ്ട് നെക്ക്, തൈറോയ്ഡ് ഫങ്ഷൻ ടെസ്റ്റ് എന്നീ പ്രാഥമിക പരിശോധനകൾക്ക് 50 ശതമാനം ഇളവ്, സർജിക്കൽ പ്രൊസീജ്യറായ തൈറോയ്ഡ്ക്ടമിക്ക് 30 ശതമാനം ഇളവ് തുടങ്ങിയവ ക്യാമ്പിന്റെ ഭാഗമായി ലഭ്യമാകും.

ജനുവരി 6 മുതൽ 28 വരെയുള്ള പ്രവൃത്തി ദിനങ്ങളിലായിരിക്കും ക്യാമ്പ് നടക്കുക. ഞായറാഴ്ചകളിൽ ക്യാമ്പ് ഉണ്ടായിരിക്കുന്നതല്ല. രജിസ്ട്രേഷൻ സൗജന്യമാണ്. ക്യാമ്പിൽ പങ്കെടുക്കുവാൻ രജിസ്റ്റർ ചെയ്യുന്നതിനും കൂടുതൽ വിവരങ്ങൾക്കുമായി 8137974649 എന്ന നമ്പറിൽ ബന്ധപ്പെടുക

സ്മൃതി ഡി. വാരിയർക്ക് വീണ, കാവ്യകേളി എന്നിവയിൽ ഒന്നാം സ്ഥാനം

ഇരിങ്ങാലക്കുട: സംസ്ഥാന കേരള സ്കൂൾ കലോത്സവത്തിൽ ഒടട വിഭാഗം കാവ്യകേളി, വീണ എന്നീ ഇനങ്ങളിൽ എ ഗ്രേഡ് നേടിയ സ്മൃതി ഡി. വാരിയർ (ഡോൺ ബോസ്കോ HSS, ഇരിങ്ങാലക്കുട). ധനലക്ഷ്മി ബാങ്ക് മാനേജർ അവിട്ടത്തൂർ വാരിയത്ത് ദിനേഷിന്റെയും, എൽ.ബി. എസ്.എം. ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപിക വി.വി. ശ്രീലയുടെയും മകളാണ് സ്മൃതി. കാവ്യകേളിയിൽ തുടർച്ചയായി 3-ാം തവണയും, വീണയിൽ രണ്ടാം തവണയും മാണ് സ്മൃതി എ ഗ്രേഡ് നേടുന്നത്.

ഓപ്പൺ സെലക്ഷൻ ട്രെയിൽസ്

തൃശൂർ: ദേശീയ ജൂഡോ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന കേരള സംസ്ഥാന സബ്ജൂനിയർ, & കേഡറ്റ് ടീമിന്റെ ഓപ്പൺ സെലക്ഷൻ ട്രെയിൽസ് തൃശ്ശൂർ ജവഹർ ബാലഭവനിൽ വെച്ച് നടത്തുന്നതാണ്. സബ്ജൂനിയർ വിഭാഗം സെലക്ഷൻ ട്രെയിൽസ് 09-01-2025 നും കേഡറ്റ് വിഭാഗം സെലക്ഷൻ ട്രെയിൽസ് 10-01-2025 തിയതികളിലായി തൃശൂർ ജവഹർ ബാലഭവൻ വെച്ച് നടത്തുന്നതായി അറിയിക്കുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ള കായിക താരങ്ങൾ മത്സര ദിവസം രാവിലെ 8 മണിക്ക് റിപ്പോർട്ട്ചെയ്യേണ്ടതാണ്.

പി.എൻ.പ്രസന്നകുമാർ അനുസ്മരണം

തൃശൂർ : തൃശൂർ പ്രസ് ക്ലബ്ബിൽ കേരള പത്രപ്രവർത്തക യൂണിയൻ മുൻ സംസ്ഥാന പ്രസിഡണ്ടും വീക്ഷണം മുൻ സീനിയർ ഡെപ്യൂട്ടി എഡിറ്ററുമായ പി.എൻ.പ്രസന്നകുമാർ അനുസ്മരണം നടത്തി. പ്രസ് ക്ളബ്ബ് പ്രസിഡന്റ് എം.ബി.ബാബു അധ്യക്ഷനായി. സീനിയർ ജേണലിസ്റ്റ് ഫോറം സംസ്ഥാന പ്രസിഡണ്ട് അലക്സാണ്ടർ സാം, സീനിയർ ജേണലിസ്റ്റ് യൂണിയൻ ജില്ലാ പ്രസിഡന്റ് എ.സേതുമാധവൻ, പത്രപ്രവർത്തകയൂണിയൻ മുൻ സംസ്ഥാന പ്രസിഡന്റ്,എം.വി.വിനീത, വി.എൽ.വർഗീസ്, ജേക്കബ് ബെഞ്ചമിൻ, ടി.എസ്.നീലാംബരൻ,കെ.എ.മുരളീധരൻ തുടങ്ങിയവർ സംസാരിച്ചു.

റസിഡന്റ്സ് അസോസിയേഷൻ വാർഷികാഘോഷം

ഇരിങ്ങാലക്കുട : കൊരുമ്പിശ്ശേരി റസി. അസോസിയേഷൻ വാർഷികാഘോഷം സിനിമനടനും, കാരിക്കേച്ചറിസ്റ്റും മായ ജയരാജ് വാര്യർ ഉദ്ഘാടനം ചെയ്തു. എ. സി. സുരേഷ് അധ്യക്ഷത വഹിച്ചു. കൗൺസിലർമാരായ ടി.വി. ചാർളി, അമ്പിളി ജയൻ, സെക്രട്ടറി കെ. ഹേമചന്ദ്രൻ, നടുവളപ്പിൽ ശ്രീധരൻ, ബിന്ദു ജിനൻ , സംഗീത രമേഷ്, രാധിക വി.ബി. എന്നിവർ പ്രസംഗിച്ചു. വിദ്യാഭ്യാസ അവാർഡ് വിതരണം, എൺപത് വയസ്സ് കഴിഞ്ഞവരെയും, നവവധൂവരന്മാരെയും ആദരിക്കൽ, മികച്ച സേവനം കാഴ്ച വെച്ചവർക്ക് ഉപഹാരം നൽകൽ എന്നിവ നടന്നു. തുടർന്ന് കുടുംബാംഗങ്ങളുടെ വിവിധ കലാപരിപാടികളും നടന്നു.

കേരള സ്റ്റേറ്റ് കലോത്സവത്തിൽ ഹിന്ദി കഥാ രചനയിൽ എ ഗ്രേഡ് നേടിയ ഇരിഞ്ഞാലക്കുട സെന്റ് മേരിസ് എച്ച് എസ്സ് എസ്സ് ലെ **ആജൽ രാധാകൃഷ്ണൻ**

കേരള സ്റ്റേറ്റ് കലോത്സവത്തിൽ ഹിന്ദി പദ്യം ചൊല്ലലിൽ എ ഗ്രേഡ് നേടിയ ഇരിഞ്ഞാലക്കുട സെന്റ് മേരിസ് എച്ച് എസ്സ് എസ്സ് ലെ **മീനാക്ഷി മനോജ്**

നിര്യാതനായി

കാർത്തികേയ മേനോൻ

ഇരിങ്ങാലക്കുട : കോണത്തുകുന്ന് പരേതരായ പടിഞ്ഞാട്ട് അച്യുത മേനോന്റെയും, കോണത്ത് വീട്ടിൽ കൊച്ചുകുട്ടി അമ്മയുടേയും മകൻ കാർത്തികേയ മേനോൻ (കെ കെ മേനോൻ - 86) പാലക്കാട് വടക്കുംചേരി മഞ്ഞപ്രയിലുള്ള വസതിയായ 'ശാന്തി നിലയ'ത്തിൽ വെച്ച് നിര്യാതനായി. ദീർഘകാലം ബഹ്റൈനിൽ ജോലി ചെയ്തിരുന്നു.

സംസ്കാരം നടത്തി. ഭാര്യ : ഇന്ദിര മക്കൾ : ജയകൃഷ്ണൻ, മഹേഷ്കുമാർ, ദിവ്യപ്രഭ.മരുമക്കൾ : രജിത, പ്രസീത, ജയൻ കുറുവത്ത് സഹോദരി : പരേതയായ കോണത്ത് സരോജിനി അമ്മ.

ഉണ്ണികൃഷ്ണൻ

കാട്ടൂർ: പെരിഞ്ഞനം പൊൻമാനിക്കുടം പോളശ്ശേരി ഉണ്ണികൃഷ്ണൻ 76 നിര്യാതനായി. ആദ്യകാല നാടകം ആന ബുക്കിംഗ് ആയിരുന്നു. സംസ്കാരകർമ്മം ഇന്ന് രാവിലെ 11 മണിക്ക് വളപ്പിൽ നടത്തപ്പെട്ടു. ഭാര്യശോഭന. മക്കൾ ശനി ഷെറിൻ. മരുമകൻവിജേഷ് (സൗദ്യ)

സുബൈദ

കൊടുങ്ങല്ലൂർ കോതപറമ്പ് മൈത്രി ലൈനിൽ മനയിൽ ബീരാൻ മുസ്ലിയാരുടെ ഭാര്യ സുബൈദ (65) നിര്യാതയായി. മക്കൾ-അൻസാർ, ആഷിക് ഫൗസിയ, ഷബീന എന്നിവർ മരുമക്കളാണ്,

525-ാമത് ജൂബിലി വർഷത്തിന് തിരി തെളിഞ്ഞു

തൃപ്രയാർ: വലപ്പാട് സെന്റ് സെബാസ്റ്റ്യൻസ് ദേവാലയത്തിന്റെ 525-ാം ജൂബിലി ആഘോഷങ്ങൾക്ക് തിരി തെളിഞ്ഞു.

ഞായർ രാവിലെ 6.30 ന് പഴുവിൽ സെന്റ് ആന്റണീസ് ഫൊറോന ദേവാലയത്തിൽ നിന്ന് വിശുദ്ധ സെബസ്റ്റ്യാനോസിന്റെ തിരുശേഷിപ്പ് വികാരി ഫാ. ജെൻസ് തട്ടിൽ ഏറ്റു വാങ്ങി, ഇരു ചക്ര വാഹന അകമ്പടികളോടെ ദേവാലയത്തിൽ എത്തിചേർന്നു തുടർന്ന് ജൂബിലി പതാക ഉയർത്തലും, തിരി തെളിയിക്കലും, തിരുശേഷിപ്പ് പ്രതിഷ്ഠയും ഷംഷാബാദ് ബിഷപ്പ് മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ നിർവഹിച്ചു. മിഷൻ പ്രവർത്തനങ്ങൾക്കുള്ള സഹായധന വിതരണവും, ഇടവകയിലെ 155 ഭവനങ്ങളുടെ ലഹരി വിമുക്ത പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും നടത്തി

തുടർന്ന് നടന്ന ദിവ്യബലിക്ക് അദ്ദേഹം മുഖ്യകാർമ്മികത്വം വഹിച്ചു. വികാരി ഫാ.ജെൻസ് തട്ടിൽ, ഫാ.ചെറിയാൻ മാളിയേക്കൽ എന്നിവർ സഹകാർമ്മികരായി. ജൂബിലി വർഷത്തോടനുബന്ധിച്ച് ഇടവകയിലെ ഭക്ത സംഘടനകളുമായി സഹകരിച്ച് അർഹരായവർക്ക് ഭവന നിർമ്മാണം, സാധു ജന സംരക്ഷണം തുടങ്ങി ഒരു വർഷം നീണ്ടു നിൽക്കുന്ന നിരവധി കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വികാരി ഫാ. ജെൻസ് തട്ടിൽ, കൈക്കാരൻ മാരായ സി.എ. ജെയിംസ്, ലിജോ ജോർജ്ജ്, സിജോ ഡേവീസ് ജനറൽ കൺവീനർ സെബി ജോർജ്ജ് പി.ആർ.ഒ ഷാജി ചാലിശ്ശേരി എന്നിവർ അറിയിച്ചു. കുടുംബ കൂട്ടായ്മ കൺവീനർ ഇ.ജെ. ജെയിംസ്, ജോസ് ആലപ്പാട്ട്, ഭക്ത സംഘടന ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി

മന്നംജയന്തി ആഘോഷവും കുടുംബസംഗമവും

ഇരിങ്ങാലക്കുട: 2907-ാം നമ്പർ മനക്കുളങ്ങര എൻ എസ് എസ് കരയോഗത്തിന്റെ 148 ാമത് മന്നം ജയന്തി ആഘോഷവും കുടുംബ സംഗമവും എൻ എസ് എസ് ഡയറക്ടർ ബോർഡ് അംഗവും തലപ്പിള്ളി താലൂക്ക് യൂണിയൻ പ്രസിഡന്റുമായ അഡ്വ. പി. ഹൃഷികേശ് അവർകൾ നിർവ്വഹിച്ചു.

മുകുന്ദപുരം താലൂക്ക് യൂണിയൻ പ്രസിഡന്റ് അഡ്വ ഡി ശങ്കരൻകുട്ടി അവർകൾ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ യൂണിയൻ സെക്രട്ടറി എസ്. കൃഷ്ണകുമാർ ആർ ബാലകൃഷണൻ ,സി.ബി രാജൻ, കരയോഗം പ്രസിഡന്റ് കോടന നാരായണൻ കുട്ടി സെക്രട്ടറി ബിന്ദു ജി. മേനോൻ യൂണിയൻ കമ്മിറ്റി അംഗങ്ങളായ സുനിൽ കെ മേനോൻ വിജയൻ ചിറ്റേത്ത്, എൻ ഗോവിന്ദൻകുട്ടി എന്നിവർ സംബന്ധിച്ചു.

തൃശൂർ ഫ്ളവർ ഷോ ഓഫീസ് ഉദ്ഘാടനം ചെയ്തു

തൃശൂർ: ഗ്രീൻ ഹോർട്ടികൾച്ചർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ജനുവരി 10 മുതൽ 22 വരെ ശക്തൻ ഗ്രൗണ്ടിൽ നടത്തുന്ന തൃശൂർ ഫ്ളവർ ഷോ ഓഫീസ് ഉദ്ഘാടനം മേയർ എം കെ വർഗീസ് നിർവഹിച്ചു. 'പൂരം നഗരിയിൽ ഇനി പൂക്കളുടെ പൊടിപൂരം' ആയിരിക്കും എന്ന് പറഞ്ഞു ചടങ്ങിൽ ഗ്രീൻ ഹോർട്ടികൾച്ചറൽ സൊസൈറ്റി പ്രസിഡന്റ് സെബി ഇരമ്പൻ അധ്യക്ഷത വഹിച്ചു. സെക്രട്ടറി മനോജ് മുണ്ടപ്പാട്ട്, വൈസ് പ്രസിഡന്റ് കെഎം സജിത്, ജോയിൻ സെക്രട്ടറി ആർ മുഹമ്മദ് ,സി ജി രാമകൃഷ്ണൻ, എൻ കെ ഗോപി എന്നിവർ സംസാരിച്ചു.

ഉജ്ജ്വല ബാല്യം പുരസ്കാര ജേതാവ് വി.എസ്.പാർവതിക്ക് തൃശൂർ ആദരണീയം സാംസ്കാരിക പൗരാവലിയുടെ അനുമോദനം

വ്യത്യസ്ത മേഖലകളിൽ അസാധാരണ കഴിവു പ്രകടിപ്പിക്കുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനായി വനിത-ശിശു വികസന വകുപ്പ് നൽകുന്ന ഉജ്ജ്വല ബാല്യം പുരസ്കാരത്തിന് അർഹയായ നെട്ടിശ്ശേരി ശ്രീ പത്മത്തിൽ (സന്തോഷ് ട്രോഫി ഫുട്ബോൾ ടീം അംഗമായിരുന്ന) വി.ബി. സന്തോഷിന്റെയും വിനിതയുടെയും മകളും, കാർഷിക സർവകലാശാല മുൻ ജോയിന്റ് രജിസ്ട്രാർ വി.ബാലഗോപാലന്റെ പേരകുട്ടിയും, മുക്കാട്ടുകര സെന്റ് ജോർജ്ജസ് യു.പി. സ്കൂളിലെ 6-ാം ക്ലാസ് വിദ്യാർത്ഥിനിയുമായ വി.എസ്.പാർവതിയെ തൃശൂർ ആദരണീയം സാംസ്കാരിക പൗരാവലി അനുമോദിച്ചു.

അനുമോദനം നെട്ടിശ്ശേരി മിനി നഗറിലുള്ള വസതിയിൽ വെച്ച് മുൻ നിയമസഭ സ്പീക്കർ അഡ്വ. തേറമ്പിൽ രാമകൃഷ്ണൻ ഉദ്ഘാടനം നിർവഹിച്ചു. മുൻ എം.എൽ.എ. ടി.വി.ചന്ദ്രമോഹൻ, ഇന്ത്യൻ ഫുട്ബോൾ ഇതിഹാസം ഐ.എം.വിജയൻ എന്നിവർ മുഖ്യാതിഥികളായി. സെന്റ് ജോർജ്ജസ് യു.പി.സ്കൂൾ പ്രധാന അദ്ധ്യാപിക സി.എൽ.ലിനറ്റ് കുട്ടിയുടെ കഴിവിനെപറ്റിയും, അർഹതയെപറ്റിയും ആമുഖം നൽകി. അഡ്വ. എസ്.അജി അദ്ധ്യക്ഷത വഹിച്ചു.

ഡോ.അരവിന്ദൻ വലച്ചിറ, കെ.ഗോപാലകൃഷ്ണൻ, ജെൻസൻ ജോസ് കാക്കശ്ശേരി, ശരത്ത് ചന്ദ്രൻ മച്ചിങ്ങൽ, കെ.എൻ.നാരായണൻ, കെ.പി.രാധാകൃഷ്ണൻ, രാമചന്ദ്രൻ പുതൂർക്കര, സത്യഭാമ ടീച്ചർ, ജോൺസൻ ആവോക്കാരൻ, അനിൽകുമാർ തെക്കൂട്ട്, യു.വിജയൻ, കെ.കെ.ജോർജ്ജ്, തിമോത്തി വടക്കൻ, നിധിൻ ജോസ്, ശശി നെട്ടിശ്ശേരി, കൊച്ചുവർക്കി തരകൻ, സണ്ണി രാജൻ, ടി.ശ്രീധരൻ, സി.പഴനിമല, ബിന്നു ഡയസ്, ജോസ് വൈക്കാടൻ, ജോർജ്ജ് ഫിലിപ്പ് നെബി മ്നോച്ചേരി, ജോർജ്ജ് മഞ്ഞിയിൽ, ഷാജൻ, സോജൻ മഞ്ഞില, അൽഫോൺസ പോൾ, സിന്റ സോജൻ, കെ.മാധവൻ, സി.ബി.വിപിൻ തുടങ്ങിയവർ നേതൃത്വം നൽകി.

ഓട്ടോറിക്ഷ ഇടിച്ചു

സംസ്ഥാന ടെക്നിക്കൽ ഹൈസ്കൂൾ ശാസ്ത്ര സാങ്കേതിക മേളയിൽ IT വിഭാഗത്തിൽ ഏനിമേഷന് എ ഗ്രേഡ് നേടിയ ഷാൻ യു.എസിന് അഭിനന്ദനങ്ങൾ. ചെമ്മണ്ണൂർ ഊട്ടുമഠത്തിൽ ഷാജിയുടെയും അമ്പിളിയുടെയും മകൻ ആണ്.

മ്യൂസിക് ആൽബം പ്രകാശനം ചെയ്തു

തൃശൂർ: പീതാംബരൻ രാരമ്പത്ത് രചനയും നിർമാണവും ചെയ്ത മകരപ്രഭ മ്യൂസിക് ആൽബം ശ്രീ. ഷൈജൻ ശ്രീവത്സം യു ട്യൂബിൽ റിലീസ് ചെയ്തു.പീതാംബരൻ രാരമ്പത്ത് അധ്യക്ഷത് വഹിച്ച ചടങ്ങിൽ ഷൈജൻ ശ്രീവത്സം യു ട്യൂബിൽ റിലീസ് ചെയ്തു. കോർഡിനേറ്റർ പത്മ പീതാംബരൻ, ഡയറക്ടർ തിലകൻ വെങ്കിടങ്ങു ക്യാമറാമാൻ സുമേഷ് മുല്ലശ്ശേരി ലയൺസ് ക്ലബ് റീജിയൺ ചെയർമാൻ മദനകുമാർ, തൃപ്രയാർ ടെംപിൾ സിറ്റി പ്രസിഡന്റ് റിംസകറിയ, അനന്തശയനൻ ശങ്കർലാൽ സുരേഷ് തയ്യൂർ, എന്നിവർ സംസാരിച്ചു. ആൽബത്തിലെ അഭിനേതാക്കളെ പീതാംബരൻ രാരമ്പത്ത് സദസ്സിനെ പരിചയപ്പെടുത്തി. ഗല്യമഹമയമിസ, ലയൺസ് ക്ലബ്, നിരവധി കലാകാരന്മാർ, ബന്ധുമിത്രദികൾ പങ്കെടുത്തു

ഇരിങ്ങാലക്കുട സെന്റ് തോമസ് കത്തീഡ്രലിലെ തിരുനാളിനോടനുബന്ധിച്ചുള്ള കൊടികയറ്റം ഇന്ന് രാവിലെ വികാരി ഫാ. ലാസർ കുറ്റിക്കാടൻ നിർവ്വഹിക്കുന്നു

കോടതി പരസ്യം

ബഹു. തൃശൂർ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ സ്വാകെ

CC: 366/2024

Donald P. Wilson, Padinjarethala House, Kolazhy, Thrissur
-Complainant

Mi Service Center (ITTECH I Soloutions), 1st Floor, Angelic Tower, East Fort, Kizhakkumpattukara, Thrissur-680005, Kerala. Rep. by Anson Raphel.
-3rd Opposite Party

മേൽനമ്പ്ര് കേസ് കാര്യത്തിൽ 3-ാം എതൃകക്ഷിക്കുള്ള നോട്ടീസ് മുതലായ കോടതി കല്പനകൾ ബഹു. കമ്മീഷനിലും ടിയാന്റെ വാസസ്ഥലത്തും പതിച്ചു നടത്തുവാൻ കല്പിച്ച് മേൽ നമ്പർ ഹരജി വിചാരണ **18-01-2025** തിയ്യതിക്ക് വെച്ചിരിക്കുന്നു. ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് ബഹു. കമ്മീഷൻ മുമ്പാ കെ ഹാജരായി ബോധിപ്പിക്കേണ്ടതാണ്.

എന്ന്, 07-01-2025
ഹരജിക്കാരൻ
ഡൊണാൾഡ് പി. വിത്സൻ
(ഒപ്പ്)

RC ബുക്ക് നഷ്ടപ്പെട്ടു

എന്റെ KL 08 BS 7713 നമ്പർ സ്കൂട്ടറിന്റെ ഒറിജിനൽ RC ബുക്ക് അരിമ്പൂരിനും തൃശൂരിനും ഇടയിലുള്ള യാത്രാമദ്ധ്യേ നഷ്ടപ്പെട്ടിരിക്കുന്നു. കണ്ടുകിട്ടുന്നവർ താഴെ പറയുന്ന വിലാസത്തിൽ അറിയിക്കുവാൻ അപേക്ഷിക്കുന്നു.

NITHIN M.M.
Mangattukara House,
P.O. Arimpur, Veleuthur, Thrissur
Ph: 9447757752

VEHICLES FOR SALE

SHRIRAM FINANCE LTD.

Ambika Arcade, 3rd Floor, M.G. Road,
THRISSUR-680001

Vehicle No	Vehicle Description	Year of manufacturing
KL08 CA-9565	ASHOK LEYLAND AL 4825 BS 6 FBTT	2023 MODEL
KL08 BA-6848	TOYOTA ETIOS DIESEL-P	2013 MODEL

കോടതി പരസ്യം

ബഹു. തൃശൂർ MACT മുമ്പാകെ

OP(MV): 1007/2017
IA: 03/2023

യുണൈറ്റഡ് ഇന്ത്യാ ഇൻഷൂറൻസ് കമ്പനി ലിമിറ്റഡ്
- ഹരജിക്കാരൻ
(R3 in OP)

ഗോപി, S/o. രാമൻ, പയ്യപ്പാട്ട് ഹൗസ്, വെങ്ങിണിശ്ശേരി പി ഒ. തൃശൂർ-680575
- എതൃകക്ഷി /
(R1 in OP)

മേൽ നമ്പ്ര് കേസിൽ IA: 03/2023 നമ്പർ ഹരജിയിൽ എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കൽപ്പിച്ച് കേസ് **04-02-2025** തിയ്യതിക്ക് വെച്ചിരിക്കുന്നു. ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. ട്രൈബ്യൂണൽ മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാകുന്നു.

എന്ന്, 28-12-2024
3-ാം എതൃകക്ഷി
അഡ്വക്കെറ്റ്
സി ഐ മാത്യു
(ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ MACT മുമ്പാകെ

OP(MV): 1007/2017
IA: 01/2020

യുണൈറ്റഡ് ഇന്ത്യാ ഇൻഷൂറൻസ് കമ്പനി ലിമിറ്റഡ്
- ഹരജിക്കാരൻ/
(R3 in OP)

സൈമൺ S/o. റപ്പായി, ചിറ്റിലപ്പിള്ളി ഹൗസ്, കോടന്നൂർ ചിറ, വെങ്ങിണിശ്ശേരി പി ഒ., തൃശൂർ-680575
- എതൃകക്ഷി /
(R2 in OP)

മേൽ നമ്പ്ര് കേസിൽ IA: 01/2020 -ാം നമ്പർ ഹരജിയിൽ എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കൽപ്പിച്ച് കേസ് **04-02-2025** തിയ്യതിക്ക് വെച്ചിരിക്കുന്നു. ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. ട്രൈബ്യൂണൽ മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാകുന്നു.

എന്ന്, 28-12-2024
3-ാം എതൃകക്ഷി ഭാഗം
അഡ്വക്കെറ്റ്
സി ഐ മാത്യു